**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5692** **24-03-2025 - ൽ മറുപടിയ്ക്ക്**

**ചേലക്കര മണ്ഡലത്തിലെ ലഹരി വിരുദ്ധ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. ആർ. പ്രദീപ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ചേലക്കര മണ്ഡലത്തിൽ വ്യാജ മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും വിതരണവും വില്പനയും തടയുന്നതിന്റെ ഭാഗമായി എക്സൈസ് വകുപ്പ് എന്തെല്ലാം നടപടികളും മുൻകരുതലുകളുമാണ് എടുത്തുവരുന്നത്; വ്യക്തമാക്കുമോ; | (എ) | ചേലക്കര മണ്ഡലത്തിലുൾപ്പെടെ സംസ്ഥാനത്ത് എല്ലായിടത്തും വ്യാജമദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും വിതരണവും വിൽപനയും തടയുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാന്റുകൾ, മാളുകൾ, യുവാക്കൾ സ്ഥിരമായി കൂടുന്ന സ്ഥലങ്ങൾ, ഡി.ജെ പാർട്ടികൾ നടത്തുന്നയിടങ്ങൾ, ആഘോഷ പരിപാടികൾ നടക്കുന്നയിടങ്ങൾ, സ്കൂൾ പരിസരത്തെ പെട്ടികടകൾ, അന്യ സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങൾ എന്നിവിടങ്ങൾ നിരീക്ഷിക്കുകയും ലഹരി സംബന്ധമായ കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.<br><br>സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് മയക്കുമരുന്ന് കച്ചവടം നടക്കുന്നതായി നിരവധി പരാതികൾ നിലവിലുള്ളതിനാൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഹോസ്റ്റലുകൾ നിരീക്ഷിച്ചുവരുന്നു. ലഹരി ഉപയോഗിച്ചവരെ കണ്ടെത്തുവാൻ ആധുനിക രാസ/ സിന്തറ്റിക് ഡ്രഗ് ഡിറ്റക്ഷൻ, ഡ്രഗ് അബ്യൂസ്, അബോൺ കിറ്റുകൾ ഉപയോഗിച്ച് പരിശോധനകൾ നടത്തി വരുന്നു.<br><br>ലഹരി മോചനത്തിനായി വിമുക്തിയുടെ ഭാഗമായി വിവിധ തലങ്ങളിൽ ബോധവല്ക്കരണവും മറ്റു കേന്ദ്ര സംസ്ഥാന ഏജൻസികളുമായി ചേർന്ന് നിരീക്ഷണങ്ങളും വിവര ശേഖരണവും റെയ്ഡുകളും കേസന്വേഷണവും നടത്തിവരുന്നുണ്ട്. |
| (ബി) | ഇതുപ്രകാരം എക്സൈസ് വകുപ്പ് എത്ര റെയ്ഡുകൾ നടത്തിയിട്ടുണ്ട്; ഇതിന്റെ ഭാഗമായി എത്ര കേസുകൾ | (ബി) | ചേലക്കര മണ്ഡലത്തിൽ ഉൾപ്പെട്ട പഴയന്നൂർ, വടക്കാഞ്ചേരി റെയിഞ്ചുകളുടെ പരിധിയിൽ എക്സൈസ് വകുപ്പ് നടത്തിയ റെയിഡുകളുടേയും |

| | | | |
|---|---|---|---|
| | രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഈ കേസുകളിൽ എത്ര പ്രതികളുണ്ട്; വിശദമാക്കുമോ? | | രജിസ്റ്റർ ചെയ്ത കേസുകളുടെയും പ്രതികളുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| വർഷം | അബ്കാരി | | NDPS | | റെയിഡുകളുടെ എണ്ണം |
|---|---|---|---|---|---|
| | കേസുകളുടെ എണ്ണം | പ്രതികളുടെ എണ്ണം | കേസുകളുടെ എണ്ണം | പ്രതികളുടെ എണ്ണം | |
| 2021 | 99 | 71 | 26 | 28 | 813 |
| 2022 | 85 | 79 | 28 | 27 | 783 |
| 2023 | 94 | 94 | 23 | 22 | 982 |
| 2024 | 124 | 114 | 15 | 14 | 932 |
| 2025 മാർച്ച് 18 വരെ | 34 | 33 | 4 | 4 | 196 |

സെക്ഷൻ ഓഫീസർ